**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 259** **08-10-2025 - ൽ മറുപടിയ്ക്ക്**

**തൊഴിൽ ലഭ്യമാക്കുന്നതിന് സർക്കാർ നടത്തുന്ന ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. ചാണ്ടി ഉമ്മൻ,<br>ശ്രീമതി കെ. കെ. രമ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തൊഴിലില്ലായ്മ വർദ്ധിച്ചുവരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ തൊഴിലില്ലായ്മ സംബന്ധിച്ച് സർവേ നടത്തുകയോ, മറ്റ് വിവരശേഖരണം നടത്തുകയോ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് ചെയ്യുന്നില്ല. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 2025 സെപ്റ്റംബർ 31 വരെ ആകെ **22,41,507** ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരളത്തിലെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ കണക്ക് മാത്രമാണ് എംപ്ലോയ്മെന്റ് വകുപ്പിൽ ലഭ്യമായിട്ടുള്ളത്. സംസ്ഥാനത്തെ എല്ലാ തൊഴിൽരഹിതരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യണമെന്ന് നിയമം മൂലം നിർബന്ധമാക്കിയിട്ടില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരെല്ലാവരും തൊഴിൽ രഹിതരാകണമെന്നുമില്ല. |
| (ബി) | കേരളത്തിലെ തൊഴിലില്ലായ്മയുടെ നിരക്ക് ദേശീയ ശരാശരിയുമായി താരതമ്യം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | മിനിസ്ട്രി ഓഫ് സ്റ്റാറ്റിസ്റ്റിക്സ് & പ്രോഗ്രാം ഇംപ്ലിമെന്റേഷന്റെ കീഴിലുള്ള NSSO പ്രസിദ്ധീകരിക്കുന്ന പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ (PLFS) പ്രകാരം യുവാക്കളിലെ (പ്രായപരിധി 15 നും 29 നും ഇടയിൽ) തൊഴിലില്ലായ്മ നിരക്ക് ഏറ്റവും കൂടുതലുള്ള സംസ്ഥാനം കേരളമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. PLFS സർവ്വേയുമായി ബന്ധപ്പെട്ട് എംപ്ലോയ്മെന്റ് വകുപ്പിൽ വിവരശേഖരണ പ്രക്രിയകളൊന്നും തന്നെ നടത്തുന്നില്ല. സംസ്ഥാനത്തെ തൊഴിലില്ലായ്മ സംബന്ധിച്ച് സർവേ നടത്തുകയോ മറ്റ് വിവരശേഖരണം നടത്തുകയോ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പ് ചെയ്യുന്നില്ല. |

| | | | |
|---|---|---|---|
| (സി) | യുവാക്കൾക്ക് ആവശ്യമായ തൊഴിൽ കണ്ടെത്താൻ സർക്കാർ നടത്തുന്ന ഇടപെടൽ വിശദമാക്കാമോ? | (സി) | യുവാക്കൾക്ക് ആവശ്യമായ തൊഴിൽ കണ്ടെത്തുന്നതിനായി കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കിമാറ്റുക എന്ന ലക്ഷ്യത്തോടുകൂടി 2012 -13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന സംസ്ഥാന സർക്കാർ എംപ്ലോയബിലിറ്റി സെന്റർ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ടി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്ത വിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി, സോഫ്റ്റ് സ്കിൽസ്, ഭാഷാ പരിജ്ഞാനം എന്നിവ മെച്ചപ്പെടുത്തിയും സ്വകാര്യ മേഖലയിൽ തൊഴിൽ നേടുന്നതിനുള്ള അവരുടെ കഴിവ് മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.<br><br>എംപ്ലോയബിലിറ്റി സെന്റർ പദ്ധതി മുഖേന നാളിതുവരെ സംഘടിപ്പിച്ച 3586 ഡ്രൈവുകൾ/ ജോബ്ഫെയർ നിന്നും 60,493 നിയമനങ്ങൾ സ്വകാര്യ മേഖലകളിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്.<br><br>കൂടാതെ സംസ്ഥാനത്ത് യുവാക്കൾക്ക് ആവശ്യമായ തൊഴിൽ കണ്ടെത്തുന്നതിന് ചുവടെ ചേർക്കും പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>1) നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് നടപ്പിലാക്കി വരുന്ന സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റ് ശാക്തീകരണം പദ്ധതിയുടെ ഭാഗമായി 14 ജില്ലാ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ മുഖേനയും യൂണിവേഴ്സിറ്റികളോടനുബന്ധിച്ചുള്ള 7 യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോ മുഖേനയും പി എസ് സി / യു പി എസ് സി / എസ് എസ് സി തുടങ്ങിയ മത്സരപരീക്ഷകളുള്ള പരിശീലന പരിപാടികൾ; സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് സംസ്ഥാന വ്യാപകമായി നിയുക്തി മെഗാജോബ് ഫെയറുകൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. ഇതിനു പുറമെ തൊഴിലന്വേഷകർക്ക് ശരിയായ തൊഴിൽ കണ്ടെത്തുന്നതിന് സ്കൂൾ തലം മുതൽ തൊഴിൽ മാർഗ്ഗ നിർദ്ദേശപ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.<br><br>2) കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കിയിട്ടുള്ള മോഡൽ |

| | | | |
|---|---|---|---|
| | | | കരിയർ സെന്റർ പദ്ധതി പ്രകാരം സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് ജോബ് ഫെയർ / പ്ലേസ്മെന്റ് ഡ്രൈവ് നടത്തി വരുന്നു.<br><br>3) കേന്ദ്ര സർക്കാരിന്റെ മിഷൻ മോഡ് പ്രൊജക്റ്റ് ഫോർ ഇന്റർ ലിങ്കിംഗ് ഓഫ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചസ് എന്ന പദ്ധതിയുടെ ഭാഗമായും ജോബ് ഫെയറുകൾ സംഘടിപ്പിച്ച് വരുന്നു.<br><br>യുവാക്കൾക്ക് ആവശ്യമായ തൊഴിൽ കണ്ടെത്താൻ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖാന്തിരം കെസ്റു, മൾട്ടി പർപ്പസ് സർവീസ് സെന്റേഴ്സ് /ജോബ് ക്ലബ്ബ്, ശരണ്യ, കൈവല്യ എന്നീ സ്വയം തൊഴിൽ സഹായ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.<br><br>സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് തൊഴിൽ കണ്ടെത്തുന്നതിനാവശ്യമായ വികസന പരിപാടികൾ നടപ്പിലാക്കുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന **സമന്വയ** എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.<br><br>ബാങ്കിംഗ് റിക്രൂട്ട്മെന്റ് പരീക്ഷ/ പിഎസ്സി/ യുപിഎസ്സി തുടങ്ങിയ വിവിധ മത്സരപരീക്ഷകൾക്കുള്ള പരിശീലന പരിപാടികൾ സമന്വയ പദ്ധതിപ്രകാരം നൽകി, സർക്കാർ മേഖലയിലെ വിവിധ തൊഴിലുകൾക്ക് മേൽ വിഭാഗത്തിൽപ്പെട്ട യുവാക്കളെ പ്രാപ്തരാക്കി വരുന്നു. തൊഴിലും നൈപുണ്യവും വകുപ്പിന്റെ ഇടപെടലുകൾക്ക് പുറമെ മറ്റ് സർക്കാർ വകുപ്പുകളും യുവാക്കൾക്ക് ആവശ്യമായ തൊഴിൽ കണ്ടെത്തുവാനുള്ള ഇടപെടലുകൾ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ